**കണ്ണൂർ സർവ്വകലാശാല**

**കായിക വിദ്യാഭ്യാസ ഡയറക്ടേറ്റ്**

---

നമ്പർ. ഡി പി ഇ /Dപി ഇ-A4/22/2025 | Kannurതീയതി: 04.03.2025

**സർക്കുലർ**

വിഷയം:- 2024 -25 അക്കാദമിക്ക് വർഷത്തെ സ്പോർട്സ് ഗ്രേസ് മാർക്കിന് അർഹരായ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്;

സൂചന :- ____________

2024-25 അക്കാദമിക്ക് വർഷത്തെ കണ്ണൂർ സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജിലെയും പഠന വകുപ്പുകളിലെയും സ്പോർട്സ് ഗ്രേസ് മാർക്കിന് അർഹരായ ബിരുദ/ ബിരുദാനന്തര/ പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ക്ഷണിക്കുന്നു. നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കിയ വിശദാംശങ്ങൾ, അതത് സ്ഥാപനങ്ങളിലെ കായികവിഭാഗം മേധാവിയുടെ ശിപാർശയിൻമേൽ പ്രിൻസിപ്പൽ/ പഠനവകുപ്പ് മേധാവി/ കോഴ്സ്ഡയറക്ടർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. നിശ്ചിത പ്രൊഫോർമയിലുള്ള വിശദാംശങ്ങൾ, അർഹരായ വിദ്യാർത്ഥികളുടെ ഹാൾ ടിക്കറ്റിൻറ പകർപ്പ്, സംസ്ഥാന/ ദേശീയ/ അന്തർസർവ്വകലാശാലാ മത്സരങ്ങളിൽ പങ്കെടുത്ത് മെഡൽ ലഭിച്ചവരുടെ മെറിറ്റ് സർട്ടിഫിക്കറ്റിൻറ പ്രിൻസിപ്പൽ/ പഠനവകുപ്പ് മേധാവി/ കോഴ്സ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം അപേക്ഷകൾ കായിക വിദ്യാഭ്യാസ ഡയറക്ടറുടെ മാങ്ങാട്ടുപറമ്പിലുള്ള കാര്യാലയത്തിൽ, (Ph. No. 0497 2784615) **2025 ഏപ്രിൽ മൂന്നിന് വൈകുന്നേരം 5 മണിക്ക്** മുമ്പായി നേരിട്ട് സമർപ്പിക്കേണ്ടതാണ്.

കൂടാതെ, പ്രിൻസിപ്പൽ/ പഠനവകുപ്പ് മേധാവി/ കോഴ്സ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ അപേക്ഷാവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊഫോർമയുടെ വേർഡ് ഫോർമാറ്റ് ഡോക്യുമെൻറ് **sportsgm@kannuruniv.ac.in** എന്ന ഇ-മെയിൽ വഴിയും അയക്കേണ്ടതാണ്. ഒന്ന്, രണ്ട്, മൂന്ന് വർഷ വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ വർഷം തിരിച്ച് പ്രത്യേകം സമർപ്പിക്കേണ്ടതാണ്. ഒരു അധ്യയന വർഷത്തിൽ ഒരു വിദ്യാർത്ഥിക്ക് അർഹമായ എല്ലാ സ്പോർട്സ് ഗ്രേസ് മാർക്കും ഉൾപ്പെടുത്തിക്കൊണ്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വൈകി ലഭിക്കുന്ന അപേക്ഷകളും ഭാഗികമായി ലഭിക്കുന്ന അപേക്ഷകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള പ്രൊഫോർമ **dpe.kannuruniversity.ac.in** എന്ന വെബ് സൈറ്റിൽ നിന്നും ഡൌൺ ലോഡ് ചെയ്തു എടുക്കാവുന്നതാണ്.

ഒപ്പ് /-

**ഡോ. ജോ ജോസഫ്**

കായിക വിദ്യാഭ്യാസ വിഭാഗ ഡയറക്ടർ (ഇൻ ചാർജ് )

സ്വീകർത്താവ്:

പ്രിൻസിപ്പൽ/വകുപ്പുമേധാവി/ കോഴ്സ് ഡയറക്ടർ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# KANNUR UNIVERSITY
## DIRECTORATE OF PHYSICAL EDUCATION
### PROFORMA FOR SPORTS GRACEMARKS 2024-25

NAME OF THE COLLEGE:

GRACEMARK APPLICATION FOR THE YEAR: 2024-25

YEAR OF STUDY: I/ II / III / IV/ V (PLEASE TICK) COURSE :(UG/PG/B.ED/.........../......../.........) YEAR OF ADMISSION TO COURSE :

| SI No. | Name of the Student | Reg. No. | Class & Subject | Event | Sports Achievement *Specify (ICT I/II/III IUTI/II/III/Participation any other achievement) | % of Grace mark** | Remarks |
|---|---|---|---|---|---|---|---|
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| 4 | | | | | | | |
| 5 | | | | | | | |
| 6 | | | | | | | |
| 7 | | | | | | | |
| 8 | | | | | | | |
| 9 | | | | | | | |
| 10 | | | | | | | |

(Signature of the HOD of Physical Education with Date) College Seal (Signature of the Principal with Date)

(*Please use separate sheet for I Year/II Year/III Year) **ICT I-6% , ICT II – 4% , ICT III – 2% , IUT Participation- 8% , IUT Participation + ICT I-10% , IUT Participation + ICT II-9% (more details in sports handbook)

Email the word document to (sportsgm@Kannuruniv.ac.in)